കൊച്ചുവേളി-ചാണ്ഡിഗഡ് കേരള സമ്പർക്കക്രാന്തി എക്സ്പ്രസ് നിർത്തുന്ന ജില്ലാ തലസ്ഥാനങ്ങൾ

98 [2708] ശ്രീ. ചെർക്കളം അബ്ദുള്ള:
,, സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചുവേളി-ചാണ്ഡിഗഡ് കേരള സമ്പർക്കക്രാന്തി എക്സ് പ്രസ്സിന് കേരളത്തിൽ സ്റ്റോപ്പില്ലാത്ത ജില്ലാ തലസ്ഥാനങ്ങൾ ഏതൊക്കെയാണ്;

(ബി) കാസർഗോഡ് സ്റ്റോപ്പ് ഇല്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കാസർഗോഡ് കൂടി സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാസർഗോഡ്.

(ബി) ഉണ്ട്.

(സി) ഇക്കാര്യം റെയിൽവേ ബോർഡിന് ശുപാർശ ചെയ്തിട്ടുണ്ട്.

പയ്യാമ്പലം-നീർക്കടവ് തീരദേശത്ത് കടൽഭിത്തി കെട്ടൽ

99 [2709] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പയ്യാമ്പലം—നീർക്കടവ് തീരദേശത്ത് കടൽഭിത്തി കെട്ടാൻ ഇനിയും കുറച്ച് സ്ഥലം ബാക്കിയുള്ളതിനാൽ ഈ പ്രദേശത്ത് കടലാക്രമണ സാദ്ധ്യതയുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഈ പ്രദേശത്ത് കടൽഭിത്തി കെട്ടുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) നീർക്കടവ് പ്രദേശത്ത് കടൽഭിത്തി നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിയ ശേഷം ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി പ്രവൃത്തി ഏറ്റെടുക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly